REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 16-10-2026 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ ഉച്ചകഴിഞ്ഞ് കോഴിക്കോട്ടെത്തും.**
- **ശബരിമല നെയ് വിതരണ ക്രമക്കേടിൽ അന്വേഷണം അന്തിമഘട്ടത്തിലാണെന്ന് മന്ത്രി കെ.മുരളീധരൻ.**
- **KSRTC ഓർഡിനറി ബസ്സുകൾ വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ശ്രമം നടത്തുന്നുണ്ടെന്ന് മന്ത്രി C.P ജോൺ.**
- **കർണാടകയിൽ മൈസൂരുവിന് സമീപം ബസും ലോറിയും കൂട്ടിയിടിച്ച് കോഴിക്കോട് സ്വദേശികളടക്കം നാലുപേർ മരിച്ചു.**
- **ഇന്ത്യ- സിംബാബ്‌വെ ട്വന്റി- 20 വനിതാ ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം രാത്രി ഏഴിന് റായ്പൂരിൽ.**

## വാർത്തകൾ വിശദമായി

ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ ഉച്ചകഴിഞ്ഞ് കോഴിക്കോട്ടെത്തും. വൈകിട്ട് അഞ്ചിന് കേസരി ഭവനിലെ നവരാത്രി സർഗ്ഗോത്സവ സാംസ്കാരിക സമ്മേളനം അദ്ദേഹം ഉദ്ഘാടനം ചെയ്യും.

പ്രഥമ സർഗ്ഗകേസരി പുരസ്കാരം ആർട്ടിസ്റ്റ് പി.ആർ. രാജേന്ദ്രന് ഉപരാഷ്ട്രപതി സമ്മാനിക്കും. ഗവർണർ രാജേന്ദ്രവിശ്വനാഥ ആർലേക്കർ, സി. സദാനന്ദൻ മാസ്റ്റർ എംപി, സ്വാമി ചിദാനന്ദപുരി തുടങ്ങിയവർ പങ്കെടുക്കും. ഉപരാഷ്ട്രപതിയായ ശേഷം സി.പി. രാധാകൃഷ്ണൻ ആദ്യമായാണ് കോഴിക്കോട്ടെത്തുന്നത്. പരിപാടിയിലേക്ക് പ്രവേശനം പാസ്സ് മുഖേന

നിയന്ത്രിച്ചിട്ടുണ്ട്. പാസ് കൈപ്പറ്റിയവർ വൈകിട്ട് നാലിന് മുമ്പ് ഹാളിൽ പ്രവേശിക്കണമെന്ന് സംഘാടകർ അറിയിച്ചു.

ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് കോഴിക്കോട് നഗരപരിധിയിൽ വൈകിട്ട് 4 മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. നഗരത്തിലെ റോഡുകളിൽ വാഹന പാർക്കിങ് അനുവദിക്കുന്നതല്ല. VVIP യുടെ യാത്രാസമയത്ത് റൂട്ടിൽ ഗതാഗതം പൂർണ്ണമായും നിയന്ത്രിക്കും.

ഇന്ന് ഉച്ചയ്ക്കുശേഷം കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചിട്ടുണ്ട് . പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി ബാധകമായിരിക്കും. മുൻകൂട്ടി നിശ്ചയിച്ച പൊതു പരീക്ഷകൾക്ക് അവധി ബാധകമല്ലെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

✪✪✪

ഇന്ത്യ-US വ്യാപാര കരാർ എത്രയും വേഗം പൂർത്തിയാകുമെന്ന് ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു. കരാർ ആഗോള വ്യാപാരത്തിന് ഗുണകരമാവുകയും ഇരുരാജ്യങ്ങളും തമ്മിൽ സാമ്പത്തിക ബന്ധം ശക്തിപ്പെടുത്തുകയും ചെയ്യുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. തായ്‌ലൻഡിലെ ബാങ്കോക്കിൽ IMF-ലോകബാങ്ക് വാർഷിക യോഗങ്ങളോട് അനുബന്ധിച്ച് 'അറ്റ്ലാന്റിക് കൗൺസിലു'മായി നടത്തിയ സംവാദത്തിനിടെയായിരുന്നു മന്ത്രിയുടെ പരാമർശം.

ഉഭയകക്ഷി വ്യാപാരത്തിന്റെയും ആഗോള വ്യാപാര സാഹചര്യത്തിന്റെയും താൽപ്പര്യം മുൻനിർത്തി, കരാർ എത്രയും വേഗം പൂർത്തിയാക്കാൻ ഇരുരാജ്യങ്ങളും പ്രവർത്തിക്കണമെന്ന് ധനമന്ത്രി നിർദ്ദേശിച്ചു. വ്യാപാര കരാർ മുന്നോട്ട് കൊണ്ടുപോകാൻ ശ്രമങ്ങൾ ഇരുഭാഗത്തുനിന്നും തുടരുന്ന സാഹചര്യത്തിലാണ് കേന്ദ്രമന്ത്രിയുടെ പ്രതികരണം.

✪✪✪

ഭക്ഷണം ജീവനാണെന്നും അത് പരമമായ ദൈവികതയ്ക്ക് സമാനമാണെന്നും കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. ഇന്ത്യൻ സംസ്കാരത്തിൽ ഭക്ഷണത്തിന് ദിവ്യത്വത്തിന്റെ പദവിയുണ്ടെന്ന് ലോക ഭക്ഷ്യദിനത്തിൽ അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ആവശ്യത്തിന് മാത്രം പാചകം ചെയ്യാനും, കഴിയുന്നത്ര മാത്രം ഭക്ഷിക്കാനും, ഭക്ഷണം ലാഭിക്കാനും ജീവൻ രക്ഷിക്കാനും അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയ്തു. നമ്മുടെ സഹജീവികൾക്കാർക്കും വിശക്കുന്നില്ലെന്ന് ഉറപ്പാക്കാൻ എല്ലാവരും ദൃഢനിശ്ചയം ചെയ്യണമെന്നും ശിവരാജ് സിംഗ് ചൗഹാൻ നിർദേശിച്ചു.

✪✪✪

പമ്പയിൽ മുഖ്യമന്ത്രി വി ഡി സതീശന്റെ നേതൃത്വത്തിൽ നാളെ അവലോകനയോഗം ചേരും. മന്ത്രി കെ മുരളീധരനും യോഗത്തിൽ പങ്കെടുക്കും. ഇരുവരും ശബരിമലയിൽ ദർശനവും നടത്തും.

ഭക്തരുടെ ദർശനത്തിന് വെർച്വൽ ക്യൂ ബുക്കിംഗ് തുടരുകയാണ്.

✪✪✪

ശബരിമല നെയ് വിതരണത്തിലെ ക്രമക്കേടിൽ അന്വേഷണം അന്തിമഘട്ടത്തിലാണെന്ന് മന്ത്രി കെ.മുരളീധരൻ നിയമസഭയിൽ അറിയിച്ചു. പമ്പയിൽ തന്നെ നെയ്യ് പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയ ശേഷം മാത്രമേ സന്നിധാനത്തേക്ക് കൊണ്ടുപോകാൻ അനുവദിക്കൂവെന്ന് മന്ത്രി ചോദ്യോത്തര വേളയിൽ പറഞ്ഞു.

✪✪✪

ശബരിമല നെയ് ക്രമക്കേടിൽ തിരുവനന്തപുരം മേഖലാ യൂണിയൻ ക്ഷീരോൽപ്പാദക സംഘത്തിന് എഴുപത്തഞ്ചര ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി മന്ത്രി ബിന്ദുകൃഷ്ണ പറഞ്ഞു.

ക്ഷീര വികസന വകുപ്പിന്റെ പ്രാഥമിക അന്വേഷണത്തിൽ ലിറ്ററിന് 720 രൂപ വിപണി വിലയും, 552 രൂപ 42 പൈസ ഹോൾസെയിൽ വിലയും വരുന്ന നെയ്, ലിറ്ററിന് 510 രൂപ പ്രകാരമാണ് ശബരിമല സന്നിധാനം സ്റ്റോറിലേക്ക് നൽകാൻ തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയൻ തീരുമാനിച്ചത്.

ഒരു ലക്ഷത്തി,57,010 ലിറ്റർ നെയ് ആണ് തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയനിൽ നിന്നും ശബരിയിലേക്ക് അയച്ചതെന്ന് മന്ത്രി പറഞ്ഞു. ഒരു ലിറ്ററിന് 510 രൂപ നിരക്കിൽ ഹോൾസെയിൽ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് നൽകിയത് വഴി, ലിറ്ററിന് 48 രൂപ 42 പൈസയുടെ നഷ്ടം യൂണിയനുണ്ടായതും മന്ത്രി നിയമസഭയിൽ ചോദ്യോത്തരവേളയിൽ വ്യക്തമാക്കി.

✪✪✪

ശബരിമല മണ്ഡലപൂജ-മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് അയ്യപ്പഭക്തർക്ക് സുരക്ഷിതവും സുഗമവുമായ യാത്ര ഉറപ്പാക്കാൻ KSRTC വിപുലമായ മുന്നൊരുക്കങ്ങൾ ഏർപ്പെടുത്തി. മണ്ഡലപൂജാ കാലത്ത് 461 ബസുകളും മകരവിളക്ക് മഹോത്സവത്തിന് 561 ബസുകളുമാണ്

ആദ്യഘട്ടത്തിൽ സർവീസ് നടത്തുക. തീർഥാടകരുടെ തിരക്ക് വർധിക്കുന്നതനുസരിച്ച് കൂടുതൽ ബസുകൾ ലഭ്യമാക്കാനും ലീസ് വ്യവസ്ഥയിൽ ബസുകൾ ഏർപ്പെടുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

✪✪✪

തുലാം മാസ പൂജകൾക്കായി ശബരിമല നട നാളെ വൈകിട്ട് അഞ്ചിന് തുറക്കും. നാളെ പൂജകൾ ഒന്നും തന്നെയുണ്ടാകില്ല. ഞായറാഴ്ച രാവിലെ അഞ്ചു മുതൽ പൂജകൾ ആരംഭിക്കും. രാവിലെ 7.30ന് ശബരിമല മേൽശാന്തിയെ തെരഞ്ഞെടുക്കുന്ന നറുക്കെടുപ്പ് ഉണ്ടാകും. അതിനുശേഷമാണ് മാളികപ്പുറം മേൽശാന്തിയെ തിരഞ്ഞെടുക്കുക. പൂജകൾ പൂർത്തിയാക്കി ഒക്ടോബർ 22ന് രാത്രി പത്തിന് നടയടക്കും.

✪✪✪

KSRTC ഓർഡിനറി ബസ്സുകൾ വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ശ്രമം നടത്തുന്നുണ്ടെന്ന് മന്ത്രി C.P ജോൺ നിയമസഭയിൽ പറഞ്ഞു. നിലവിൽ ഒരു ഓർഡിനറി ബസ് പോലും സിറ്റി ഫാസ്റ്റ് ആക്കിയിട്ടില്ലെന്നും പകരം സിറ്റി ഫാസ്റ്റുകൾ ഓർഡിനറി ആക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. പ്രിയദർശിനി സൗജന്യ യാത്രയുടെ ശോഭ കെടുത്തുന്ന നിലയിലെ കുപ്രചരണങ്ങൾ ദൗർഭാഗ്യകരമാണെന്നും CP ജോൺ പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും സ്ഥിരം വൈസ് ചാൻസലർമാരെ നിയമിക്കുന്നതിന് നടപടി തുടരുകയാണെന്ന് മന്ത്രി റോജി എം ജോൺ നിയമസഭയിൽ പറഞ്ഞു. കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ കേന്ദ്രമാക്കി മാറ്റുകയാണ് ഗവൺമെന്റ് ലക്ഷ്യമെന്നും സർവ്വകലാശാലകളിൽ വർഗീയ ധ്രുവീകരണം അനുവദിക്കില്ലെന്നും മന്ത്രി ചോദ്യോത്തര വേളയിൽ പറഞ്ഞു.

✪✪✪

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും സംസ്ഥാനത്ത് പ്രത്യേക യജ്ഞത്തിന് തുടക്കമായി. വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് അപേക്ഷാ ഫോമുകളും, ഡിജിറ്റൽ ഹെൽപ് ഡെസ്കുകളും സജ്ജീകരിച്ചിട്ടുണ്ട്. പുതിയ വോട്ടർമാരെയും, വോട്ടർപട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവരെയും, പട്ടികയിൽ ഉൾപ്പെടുത്തുന്നതിനാണ് പ്രചാരണ യജ്ഞം. ഈ മാസം 31 വരെ യജ്ഞം തുടരും

✪✪✪

കർണാടകയിൽ മൈസൂരുവിന് സമീപം സ്ലീപ്പർ ബസും ലോറിയും കൂട്ടിയിടിച്ച് നാലുപേർ മരിച്ചു. കോഴിക്കോട് ബേപ്പൂർ സ്വദേശി അഫ്താബ് , മാങ്കാവ് സ്വദേശി സജേഷ് , മൈസൂരു സ്വദേശിയായ ബസ് ഡ്രൈവർ സുനിൽ, ബസ് ക്ലീനർ എന്നിവരാണ് മരിച്ചത്.

നിരവധി പേർക്ക് പരിക്കേറ്റു. ബംഗളൂരുവിൽനിന്ന് കോഴിക്കോട്ടേക്ക് വരികയായിരുന്ന സ്ലീപ്പർ ബസാണ് അപകടത്തിൽപ്പെട്ടത്. പെരിയപട്ടണത്തിന് സമീപം പുലർച്ചെയായിരുന്നു അപകടം. പരിക്കേറ്റവരെ പെരിയപട്ടണത്തെയും മൈസൂരുവിലെയും ആശുപത്രികളിൽ പ്രവേശിപ്പിച്ചു.

✪✪✪

ഇന്ത്യ- സിംബാബ്‌വെ ട്വന്റി- 20 വനിതാ ക്രിക്കറ്റ് പരമ്പരക്ക് ഇന്ന് തുടക്കമാവും. ആദ്യ മത്സരം റായ്പൂരിലെ ഷഹീദ് വീർ നാരായണൻ സിങ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിനാണ്. തുടർച്ചയായ അഞ്ച് വിജയങ്ങളുടെ ആത്മവിശ്വാസവുമായാണ് ഇന്ത്യ പരമ്പരയ്ക്കിറങ്ങുന്നത്.

പരമ്പരയിലെ രണ്ടാം മത്സരം മറ്റന്നാളും, മൂന്നാം മത്സരം തിങ്കളാഴ്ചയുമാണ് .

മൂന്നു മത്സരങ്ങളിലും സ്ത്രീകൾക്ക് പ്രവേശനം സൗജന്യമാണ്. ട്വന്റി 20 പരമ്പരക്ക് ശേഷം മൂന്ന് മത്സരങ്ങളടങ്ങിയ ഏകദിന പരമ്പരയും ഉണ്ടാകും. ഈ മാസം 23, 25, 28 തീയതികളിൽ വഡോദരയിലെ BCA സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബാളിൽ ഇന്ന് ഫോഴ്സ കൊച്ചി, തിരുവനന്തപുരം കൊമ്പൻസിനെ നേരിടും. കൊച്ചി നെഹ്റു സ്റ്റേഡിയത്തിൽ വൈകിട്ട് 7.30 നാണ് മത്സരം. മൂന്ന് കളികളിൽ അഞ്ച് പോയിന്റുമായി കൊച്ചി മൂന്നാം സ്ഥാനത്താണ്. കൊമ്പൻസിന് നാല് പോയിന്റുണ്ട്.

എട്ട് പോയിന്റോടെ കാലിക്കറ്റ് FC യാണ് ഒന്നാം സ്ഥാനത്ത്. ഏഴ് പോയിന്റോടെ കണ്ണൂർ വാരിയേഴ്സ് രണ്ടാമതാണ്.

✪✪✪

ഇന്ന് നടത്താനിരുന്ന പ്ലസ് വൺ സപ്ലിമെന്ററി പരീക്ഷകൾ മാറ്റി. ഇടുക്കി ജില്ലയിലെ ഹർത്താൽ പരിഗണിച്ചാണ് മാറ്റം. പുതുക്കിയ തിയതി പിന്നീട് അറിയിക്കും. നാളത്തെ പരീക്ഷ ടൈംടേബിൾ അനുസരിച്ചുതന്നെ നടത്തുമെന്ന് പരീക്ഷാ സെക്രട്ടറി അറിയിച്ചു.

✪✪✪

കോഴിക്കോട് റവന്യൂ ജില്ല സ്കൂൾ കായികമേള ആരംഭിച്ചു. മെഡിക്കൽ കോളേജ് സിന്തറ്റിക്ക് ട്രാക്കിൽ മേയർ ഒ സദാശിവൻ മേള ഉദ്ഘാടനം ചെയ്തു. DDE- സി എസ് അമൃത പതാക ഉയർത്തി. നാലായിരത്തോളം കായിക താരങ്ങൾ മേളയിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ് അറിയിച്ചു. എല്ലാ ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ പത്തനംതിട്ട, ഇടുക്കി, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

കേരളത്തിൽ തുലാവർഷം ആരംഭിച്ചതായി കാലാവസ്ഥാവകുപ്പ് അറിയിച്ചു. തമിഴ്നാട്, തീരദേശ ആന്ധ്ര, തെക്കൻ കർണാടക, പുതുച്ചേരി മേഖലകളിലും ഇന്നലെ തുലാവർഷമെത്തി. ഇതോടെ കാലവർഷം രാജ്യത്തു നിന്നും പൂർണമായി പിൻവാങ്ങി.

✪✪✪

K.രാഘവൻമാസ്റ്റർ ഫൗണ്ടേഷന്റെ ഏഴാമത് പുരസ്കാരത്തിന് പ്രശസ്ത സംഗീതജ്ഞൻ, ഹരിപ്പാട് KPN പിള്ള അർഹനായി. 50,000 രൂപയും പ്രശസ്തിപത്രവും ശില്പവുമടങ്ങുന്നതാണ് പുരസ്കാരം.

ഏഴ് പതിറ്റാണ്ട് നീണ്ട സംഗീത സപര്യയാണ് ഹരിപ്പാട് KPN പിള്ളയുടേതെന്ന് ഗായകൻ V.T മുരളി മാധ്യമങ്ങളോട് പറഞ്ഞു. ആകാശവാണിയുടെയും ദൂരദർശന്റെയും അയ്യായിരത്തോളം ലളിതഗാനങ്ങൾക്കും നാടകഗാന ങ്ങൾക്കും ഭക്തിഗാനങ്ങൾക്കും അദ്ദേഹം സംഗീതം നല്കിയിട്ടുണ്ട്. അടുത്തമാസം ബാലുശ്ശേരിയിൽവെച്ച് പുരസ്കാരം സമ്മാനിക്കും.

✪✪✪

സൗദി അറേബ്യയിലെ ഹൂതി ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ റിയാദ്, ദമാം, ജിദ്ദ എന്നിവിടങ്ങളിലേക്കും, തിരിച്ചും വിമാന സർവീസുകൾ ഈ മാസം 20 വരെ എയർ ഇന്ത്യ റദ്ദാക്കി. കാര്യങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്നും, സർവീസുകൾ സുരക്ഷിതമായി പുനരാരംഭിക്കുന്നതിന് സാഹചര്യം നിരന്തരം വിലയിരുത്തുന്നുണ്ടെന്നും, എയർ ഇന്ത്യ സാമൂഹിക മാധ്യമത്തിൽ അറിയിച്ചു. സർവീസുകൾ റദ്ദാക്കിയതുമൂലം ബുദ്ധിമുട്ടിലായ യാത്രക്കാർക്ക്, ടിക്കറ്റ് തുക പൂർണ്ണമായും തിരികെ നൽകുമെന്ന് എയർ ഇന്ത്യ വ്യക്തമാക്കി.

✪✪✪

ഹൂതികളുടെ തുടർച്ചയായ ആക്രമണങ്ങളെ നേരിടുന്ന സൗദി അറേബ്യയ്ക്ക് ഇന്ത്യ ഐക്യദാർഢ്യം പ്രഖ്യാപിച്ചു. സൗദി അറേബ്യയുടെ പരമാധികാരം സംരക്ഷിക്കുന്ന കാര്യത്തിൽ, ആ രാജ്യത്തെ ഗവൺമെന്റിനും ജനങ്ങൾക്കും ഒപ്പം ഇന്ത്യ പൂർണ്ണമായും നിലകൊള്ളുന്നുവെന്ന് ഐക്യരാഷ്ട്ര സംഘടനയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി. ഹരീഷ് പറഞ്ഞു. പശ്ചിമേഷ്യൻ സ്ഥിതിഗതികളെക്കുറിച്ച് സുരക്ഷാ സമിതിയിലെ ത്രൈമാസ പൊതു ചർച്ചയ്ക്കിടെയാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ഈ മേഖലയിൽ ശത്രുതാപരമായ നടപടികൾ വർധിക്കുന്നത് അതീവ ആശങ്കാജനകമാണെന്നും ഇന്ത്യൻ പ്രധിനിധി പറഞ്ഞു.

✪✪✪

ജപ്പാനിൽ ട്രെയിൻ തട്ടി മരിച്ച കണ്ണൂർ പടിയൂർ സ്വദേശിനി വി.ദേവികയുടെ ചിതാഭസ്മം രാവിലെ പടിയൂരിലെ വസതിയിൽ എത്തിച്ച് സജീവ് ജോസഫ് MLA കുടുംബാംഗങ്ങൾക്കു കൈമാറി. ജപ്പാനിൽ നിന്ന് ഇന്നലെ പുലർച്ചെ തിരുവനന്തപുരത്തെത്തിച്ച ചിതാഭസ്മം, നോർക്ക റൂട്ട്സ് അധികൃതർ ഏറ്റുവാങ്ങി ട്രെയിൻ മാർഗ്ഗമാണ് കണ്ണൂരിലെത്തിച്ചത്.

ദേവികയുടെ മൃതശരീരം നാട്ടിലെത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കുടുംബത്തിന്റെ അനുവാദത്തോടെ ജപ്പാനിൽ സംസ്കരിച്ചിരുന്നു.

✪✪✪

---

*News Editor വി കെ സുരേഷ്*
*News Reader: സബിത കെ*
*News Team: ഫസ്ന ഫാത്തിമ, പ്രവീൺ*
*DEO : ഷീബ*